## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1535 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി. ഉണ്ണി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ നഗര, ഗ്രാമ വ്യത്യാസമില്ലാതെ മാലിന്യമുക്തമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നഗര/ഗ്രാമങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.<br>(1) എല്ലാ വീട്ടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ് ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാൻറ്), രീതികളിലൂടെ ജൈവമാലിന്യം സംസ്കരിക്കപ്പെടുന്നതിനും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.<br>(2) സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.<br>(3) സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമുഴി കമ്പോസ്റ്റിംഗ്, ബയോഗ്യാ പ്ലാൻറ് എന്നി പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കുക.<br>(4) നിലവിലുള്ള പൊതുമാലിന്യ സംസ്കരണ പ്ലാൻറുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.<br>(5) വീടുകളിൽ നിന്നും സ്ഥാപങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുന:ചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക അജൈവ മാലിന്യ പുന:ചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി വാങ്ങുക.<br>(6) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെൻററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക. |

| | | | |
|---|---|---|---|
| | | | (7) മാലിന്യ പരിപാലനത്തിന് സഹായിക്കുന്ന സംരംഭക ഗ്രൂപ്പുകൾ, സപ്പോർട്ട് ഓഗനൈസേഷനുകൾ എന്നിവ സാമ്പത്തികമായി പ്രായോഗികക്ഷമതയോടെ പ്രവർത്തിക്കുന്നതിന് 6 മാസക്കാലത്തേയ്ക്ക് വ്യക്തമായ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭ്യമാക്കുക.<br>(8) ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.<br>(9) സ്ഥിരമായി നിലനിൽക്കുന്ന സ്വാപ്ഷോപ്പുകൾ സ്ഥാപിക്കുക.<br>(10) ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.<br>(11) റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം വാങ്ങലും അവ സ്ഥാപിക്കലും.<br>(12) റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.<br>(13) കേരളത്തെ സമ്പൂർണ്ണ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഗ്രാമപ്രദേശത്തെ എല്ലാ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ചു നൽകി. |
| (ബി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ശുചീകരണ വിഭാഗം ജീവനക്കാരെ നിയമിക്കാത്തതിനാൽ ശുചീകരണ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മതിയായ ശുചീകരണ തൊഴിലാളികളുടെ അഭാവം ഗ്രാമപഞ്ചായത്തുകളുടെ ശുചീകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ട് |
| (സി) | മാലിന്യനിർമാർജ്ജനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | 2017-18 വാർഷിക പദ്ധതി രൂപീകരണ നടപടികളുടെ ഭാഗമായി ത്രിതല പഞ്ചായത്തുകളിൽ 29.03.2017-ലെ സ.ഉ(എം.എസ്) നം.72/2017/തസ്വഭവ മുഖേനയും നഗരസഭകളിൽ 03.04.2017-ലെ സ.ഉ(എം.എസ്) നം.79/2017/തസ്വഭവ ഉത്തരവ് മുഖേനയും അതുപോലെ ഹരിതകേരളം മിഷന്റെ ഭാഗമായ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗരേഖ സ.ഉ(സാധാ) നം. 2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (ഡി) | ഇതിനായി പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം | (ഡി) | പ്രത്യേക ഫണ്ടനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 2016-17-ലെ വാർഷിക പദ്ധതിയിൽ ഹരിത കേരളം മിഷനുവേണ്ടി പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പ്ലാൻ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാമോ? | | ഫണ്ടിൽ നിന്നും 10% തുക ശുചിത്വ മാലിന്യ സംസ്കരണത്തിനായും, 2017-18 വർഷത്തിൽ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ (പൊതു വിഹിതം) നിന്നും 10% ഉം നഗരങ്ങളിൽ 15% തുകയും മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകിയും നീക്കി വയ്ക്കുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ശുചിത്വ മിഷൻ മുഖേനയുള്ള സംസ്ഥാനാവിഷ്കൃത ഫണ്ടും, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷന്റെ മാലിന്യ പരിപാലന ഘടകം ഫണ്ടും ഗ്രാമപഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാകും. |

സെക്ഷൻ ഓഫീസർ